ഉത്തരം

(എ) ആറു കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് 30 വാട്ടർ ഷെഡുകൾ തെരഞ്ഞെടുത്തിട്ടുണ്ട്. ജനകീയപങ്കാളിത്തത്തോടെ പദ്ധതി നടപ്പിലാക്കുന്നതിനായി 30 നിർവ്വഹണ ഏജൻസികളെ തെരഞ്ഞെടുക്കുകയും, സംസ്ഥാന ജില്ലാതലങ്ങളിൽ വാട്ടർഷെഡ് കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി, ഡി) 1990-91 സാമ്പത്തികവർഷം മുതൽക്കാണ് ദേശീയ നീർമറി വികസന പദ്ധതി കേരളത്തിൽ നടപ്പിലാക്കി തുടങ്ങിയത്. അന്നു മുതൽ 2001-02 സാമ്പത്തിക വർഷം വരെ 1,58,754 ഹെക്ടർ സ്ഥലത്ത് ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പത്താം പദ്ധതിയിൽ 72032 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

മതികെട്ടാൻ വനഭൂമിയിലെ അനധികൃത കയ്യേറ്റം

61 [3385] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മതികെട്ടാൻ വനഭൂമിയിൽ വീണ്ടും അനധികൃത കയ്യേറ്റം നടക്കുന്നതായുള്ള റിപ്പോർട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അധികൃതർ പ്രസ്തുത പ്രദേശത്ത് പ്രവേശിക്കുന്നത് തടയാനും കയ്യേറിയ വനഭൂമിയിൽ കഞ്ഞാവടക്കമുള്ള കൃഷി ചെയ്യാനും കയ്യേറ്റ ലോബി ശ്രമം നടത്തുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മുൻ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ മതികെട്ടാൻ ഭൂമി കയ്യേറ്റക്കാരിൽ നിന്ന് രക്ഷിക്കാൻ ഗവൺമെന്റ് ഇതിനകം എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(ഡി) ഇതു സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സുകളിൽ സർക്കാർ വക്കീലന്മാർ വേണ്ടത്ര ശുഷ്ക്കാന്തി കാണിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) മതികെട്ടാനിൽ റവന്യൂ വകുപ്പിൽനിന്ന് വനം വകുപ്പിന് എത്ര ഏക്കർ ഭൂമി ഇതിനകം വിട്ടുകിട്ടിയിട്ടുണ്ട് എന്ന കാര്യം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മാധ്യമങ്ങളിൽ ഇത്തരത്തിൽ വാർത്ത വന്നിട്ടുള്ളത് അടിസ്ഥാന രഹിതമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) മതികെട്ടാൻ ചോലവനങ്ങൾ സംരക്ഷിക്കുന്നതിനായി 1281.7419 ഹെക്ടർ ഭൂമി വനം വകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിലേക്കും കൈമാറിയിട്ടുണ്ട്. കയ്യേറ്റക്കാരിൽ നിന്നും ഇവിടം സംരക്ഷിക്കുന്നതിന് സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയിട്ടുണ്ട്. മതികെട്ടാനിൽ ഒരു ചെക്ക്പോസ്റ്റ് സ്ഥാപിച്ച് സംരക്ഷണം ഉറപ്പ് വരുത്തിയിട്ടുണ്ട്. കൂടാതെ വനം വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും ഇടവിട്ട് പരിശോധന നടത്തി സംരക്ഷണം ഉറപ്പു വരുത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ല. പരാതിക്കാർക്കും അനുകൂല വിധിയുണ്ടായ കേസ്സുകളിൽ അപ്പീൽ ഫയൽ ചെയ്യാൻ നടപടികൾ കൈക്കൊണ്ടുവരുന്നു.

(ഇ) 1281.7419 ഹെക്ടർ ഭൂമി റവന്യു വകുപ്പിൽ നിന്ന് വിട്ടുകിട്ടിയിട്ടുണ്ട്.

തടിയേതര വിഭവങ്ങൾ ശേഖരിക്കാനുള്ള പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ അവകാശം പുനഃസ്ഥാപിക്കാൻ നടപടി

62 [3393] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:
,, വി. കെ. ചന്ദ്രൻ:
,, പി. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനങ്ങളിൽ നിന്നും തടിയേതര വനവിഭവങ്ങൾ ശേഖരിക്കുവാനുള്ള പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘങ്ങളുടെ പൂർണ്ണ അവകാശം എടുത്തുകളയാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത തീരുമാനത്തെ തുടർന്ന് പട്ടികവർഗ്ഗ സഹകരണ സംഘങ്ങളും അതിലെ അംഗങ്ങളായ പട്ടികവർഗ്ഗക്കാരും നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എത്ര എസ്.സി., എസ്.ടി. സംഘങ്ങൾക്കാണ് വന വിഭവങ്ങൾ ശേഖരിക്കാനുള്ള അനുമതി ഇപ്പോൾ നൽകിയിട്ടുള്ളതെന്നും അവയിൽ എത്ര അംഗങ്ങൾ ഉണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) വനങ്ങളിൽ നിന്നും വിഭവങ്ങൾ ശേഖരിച്ചു മാത്രം ഉപജീവനം നടത്തിവരുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ പട്ടിണിയിലകപ്പെടുന്ന പ്രസ്തുത നടപടിയിൽ നിന്നും പിൻതിരിയാൻ തയ്യാറാകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉത്തരം 'എ'-യുടെ വെളിച്ചത്തിൽ ബാധകമല്ല.

(സി) എസ്.സി. വിഭാഗ സഹകരണ സംഘങ്ങൾക്ക് വനവിഭവങ്ങൾ ശേഖരിക്കാനുള്ള അനുമതി നൽകിയിട്ടില്ല. എസ്.ടി. വിഭാഗത്തിൽ 30 ഗിരിജൻ സഹകരണ സംഘങ്ങൾക്കാണ് വനവിഭവങ്ങൾ ശേഖരിക്കാനുള്ള അനുമതി നൽകിയിട്ടുള്ളത്. അവയിൽ 6000 കുടുംബങ്ങളാണുള്ളത്.

(ഡി) ഉത്തരം 'എ'-യുടെ വെളിച്ചത്തിൽ ബാധകമല്ല.

മണൽ വാരുന്നതിന് അനുമതി

63 [3396] ശ്രീ. ബിനോയ് വിശ്വം:
,, പി. നാരായണൻ:
,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനങ്ങളിൽ നിന്നും മണൽ വാരുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly